REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 30-07-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു- വയനാട് മുണ്ടക്കൈയിൽ ഉരുൾപൊട്ടി- ജില്ലയിൽ മഴക്കെടുതിയിൽ രണ്ട് മരണം.
- എട്ട് ജില്ലകളിൽ ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി.
- കനത്ത മഴയ്ക്ക് സാധ്യത മുൻനിർത്തി എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത.
- സംസ്ഥാനത്തെ 49 തദ്ദേശ വാർഡുകളിൽ ഉപതെരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് അൽപ്പസമയത്തിനകം തുടങ്ങും.
- പാരീസ് ഒളിംപിക്സിൽ ബാഡ്മിന്റൺ ഡബിൾസിൽ സാത്വിക്– ചിരാഗ് സഖ്യം ക്വാർട്ടർ ഫൈനലിൽ.

## വാർത്തകൾ വിശദമായി

വടക്കൻ ജില്ലകളിലും മധ്യകേരളത്തിലും അതിശക്തമായ മഴ തുടരുകയാണ്. കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ ഇന്ന് എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്രകാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകി.

വയനാട് ജില്ലയിലെ മുണ്ടക്കൈയിൽ ഉരുൾപൊട്ടി-നിരവധി പേർക്ക് പരിക്കേറ്റു- രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. ചൂരൽമലയിൽ ഉരുൾപൊട്ടിയ പ്രദേശത്ത് നിന്ന് ഒരു പുരുഷന്റെ മൃതദേഹം കണ്ടെടുത്തു. ആളെ തിരിച്ചറിഞ്ഞിട്ടില്ല. പരിക്കേറ്റ 21 പേരെ മേപ്പാടിയിലെ സ്വകാര്യ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു. വയനാട് തൊണ്ടർനാട് കുഞ്ഞോം

ചെറുവയൽ ഭാഗത്ത് നേപ്പാളി കുടുംബത്തിലെ ഒരു വയസ് പ്രായം വരുന്ന കുട്ടി വെള്ളപ്പാച്ചിലിലും മണ്ണിടിച്ചിലിലും മരിച്ചു.

വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റിന്റെ റിപ്പോർട്ട്.

....(വോയ്സ്)....

✪✪✪

സംസ്ഥാനത്ത് പലയിടത്തും ഇന്നലെയും ഇന്ന് പുലർച്ചെയും ഉരുൾപൊട്ടലും മണ്ണിടിച്ചിലും നാശനഷ്ടങ്ങളും ഉണ്ടായി.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

ഇടുക്കിയിൽ ഇന്നലെ ഉച്ചക്ക് ശേഷം തുടങ്ങിയ കനത്ത മഴ തുടരുകയാണ്. പ്രധാന റോഡുകളിൽ ഉൾപ്പെടെ പലയിടങ്ങളിലും മണ്ണിടിഞ്ഞ് ഗതാഗതം തടസ്സപ്പെട്ടു. കീരിത്തോടിനും പനംകൂട്ടിക്കുമിടയിൽ രാത്രി മണ്ണിടിഞ്ഞു. ചിത്തിരപുരം കുഞ്ചിത്തണ്ണി റോഡിൽ പവർഹൗസിനു സമീപവും മണ്ണിടിഞ്ഞു. കല്ലാർ- മാങ്കുളം റോഡിൽ വിരിപാറയ്ക്കു സമീപം പാലത്തിൽ വെള്ളം കയറി ഗതാഗതം തടസ്സപ്പെട്ടു. തളികത്തിനു സമീപം മരം വീണും ഗതാഗതം തടസ്സപ്പെട്ടു. പഴയ മൂന്നാറിലെ പാർക്കിംഗ് ഗ്രൗണ്ട് വെള്ളത്തിൽ മുങ്ങി.

അടിമാലി - രാജാക്കാട് റോഡിൽ വെള്ളത്തൂവൽ പോലീസ് സ്റ്റേഷനു താഴെയും മണ്ണിടിഞ്ഞ് ഗതാഗതം തടപ്പെട്ടെങ്കിലും പിന്നീട് ഗതാഗതം ഭാഗികമായി പുനഃസ്ഥാപിച്ചു. വെള്ളത്തൂവലിന് സമീപം S വളവിനും പുരയിടംസിറ്റിക്കും ഇടയിൽ ഉരുൾപൊട്ടി.

കോഴിക്കോട് ജില്ലയിലെ ശക്തമായ മഴയിൽ 30 ലേറെ വീടുകൾക്ക് നാശം നേരിട്ടു. മൂന്ന് ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നിട്ടുണ്ട്. പുഴകളിൽ വലിയ തോതിൽ ജലനിരപ്പ് ഉയർന്നു.

കോടഞ്ചേരി വെണ്ടേക്കുംപൊയിലിൽ വീടുകളിൽ വെള്ളം കയറിയതിനെ തുടർന്ന് 26 കുടുംബങ്ങളിലെ 76 പേരെ ചെമ്പുകടവ് GUP സ്കൂളിലേക്ക് മാറ്റിപ്പാർപ്പിച്ചു. മാവൂർ കച്ചേരിക്കുന്ന് സാംസ്കാരിക നിലയത്തിലും ക്യാമ്പ് തുറന്നിട്ടുണ്ട്. കാരശ്ശേരി പഞ്ചായത്തിൽ ഒരു കുടുംബത്തെ വല്ലത്തായ്പാറ അങ്കണവാടിയിലേക്ക് മാറ്റി.

✪✪✪

കണ്ണൂർ ജില്ലയിലും പരക്കെ കനത്ത മഴ തുടരുകയാണ്. കൂത്തുപറമ്പിനടുത്ത് കണ്ണവം, മാനന്തേരി, കൈച്ചേരി എന്നിവിടങ്ങളിൽ വെള്ളം കയറിയതിനെ തുടർന്ന് വീടുകളിൽ നിന്ന് ആളുകളെ മാറ്റിപ്പാർപ്പിച്ചു.

മരം വീണും പലയിടത്തും ഗതാഗത തടസ്സം ഉണ്ടായി. ചെമ്പന്തൊട്ടി--ചെമ്പേരി റോഡിൽ കോറങ്ങോട് വട്ടക്കുന്ന് ബസ്റ്റോപ്പിന് സമീപം കടപുഴകി വീണ വൻമരം അഗ്നിരക്ഷാസേന മുറിച്ചുമാറ്റി. പായം കരിയാൽ കല്ലിപ്പറമ്പിൽ മരം വീണ് ഹൈടെൻഷൻ വൈദ്യുതി ലൈൻ ഉൾപ്പെടെ തകർന്നു. ഇരിട്ടി വളവ് പാറ റോഡിൽ മണ്ണിടിഞ്ഞു. അഗ്നിരക്ഷാസേ സേനയുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കണ്ണൂർ എളയാവൂർ ക്ഷേത്രത്തിനു സമീപം വെള്ളം കയറിനെ തുടർന്ന് ഒരു കുടുംബത്തെ മാറ്റിപ്പാർപ്പിക്കാൻ ശ്രമം തുടരുകയാണ്.

പാലക്കാട് ,മംഗലം ഡാം മലയോര മേഖലയിൽ മൂന്നിടത്ത് ഉരുൾപൊട്ടി. ഇരുപതോളം കുടുംബങ്ങൾ ഒറ്റപ്പെട്ടു. ഓടംതോടിൽ റോഡ് ഒലിച്ചുപോയി. കടപ്പാറ പാലത്തിന് മുകളിൽ വെള്ളം കയറി.

മംഗലം ഡാമിന്റെ വൃഷ്ടി പ്രദേശത്തു ഉരുൾ പൊട്ടിയതിനാൽ ഡാമിലേക്കുള്ള നീരൊഴുക്ക് വർധിച്ചു വരുന്നുണ്ട്. ഈ സാഹചര്യത്തിൽ ഡാമിന്റെ ജലനിരപ്പ് ക്രമീകരിക്കുന്നതിന് സ്പിൽവേ ഷട്ടറുകൾ തുറന്നിരിക്കുകയാണ്.

ജില്ലയിലെ നെല്ലിയാമ്പതി ചുരം റോഡിൽ വെള്ളിയാഴ്ച വരെ രാത്രി യാത്ര നിരോധനം ഏർപ്പെടുത്തി. എന്നാൽ പ്രദേശവാസികൾക്ക് അത്യാവശ്യഘട്ടത്തിൽ വാഹനങ്ങൾ ഉപയോഗിക്കാം.

കോഴിക്കോട് കക്കയം ഡാമിലെ ജലനിരപ്പ് വലിയ തോതിൽ ഉയരുന്നതിനാൽ റെഡ് അലേർട്ട് പ്രഖ്യാപിച്ച് അധികജലം പുറത്തേക്ക് ഒഴുക്കിവിടുമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. കുറ്റ്യാടിപ്പുഴയുടെ തീരങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കേണ്ടതാണ്.

തൃശൂർ പീച്ചി ഡാമിന്റെ നാലു ഷട്ടറുകൾ 5 സെന്റീമീറ്റർ കൂടി ഉയർത്തി 20 സെന്റീമീറ്ററാക്കി. മഴ തീവ്രമായാൽ തുടർന്നും ഷട്ടറുകൾ 30 സെന്റീമീറ്റർ വരെ ഉയർത്താൻ സാധ്യതയുണ്ടെന്ന് ജില്ലാകളക്ടർ അറിയിച്ചു. മണലി, കരുവന്നൂർ പുഴകളുടെ തീരവാസികൾ ജാഗ്രത പാലിക്കാൻ നിർദ്ദേശമുണ്ട്.

✪✪✪

അതിശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ ഇന്ന് എട്ട് ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കളക്ടർമാർ അവധി പ്രഖ്യാപിച്ചു. കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, എറണാകുളം, ഇടുക്കി, ജില്ലകളിൽ അങ്കണവാടികൾ, പ്രൊഫഷണൽ കോളജുകൾ എന്നിവയടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധിയാണ്. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകളിൽ മാറ്റമില്ല.

✪✪✪

എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ട് ഡാമിന്റെ ഷട്ടറുകൾ കൂടുതൽ ഉയർത്താൻ സാധ്യതയുണ്ടെന്നും, പെരിയാറിന്റെ തീരങ്ങളിൽ കഴിയുന്നവർ ജാഗ്രത പാലിക്കണമെന്നും ജില്ലാ ദുരന്തനിവാരണ അതോറിറ്റി മുന്നറിയിപ്പു നൽകി. പെരിങ്ങൽകുത്ത് ഡാമിന്റെ ഷട്ടറുകളും തുറന്നതിനാൽ ചാലക്കുടി പുഴയുടെ പറവൂർ മേഖലയിലെ കൈവഴികളിലും ജലനിരപ്പ് ഉയരാൻ സാധ്യതയുണ്ടെന്ന് അതോറിറ്റി അറിയിച്ചു.

✪✪✪

ലോക്സഭാ സ്പീക്കർ പദവിയെ ചോദ്യം ചെയ്ത കോൺഗ്രസ് നേതാവ് രാഹുൽഗാന്ധിയുടെ നടപടി, അദ്ദേഹം ഭരണഘടനയെ മാനിക്കുന്നില്ല എന്ന് തെളിയിക്കുന്നതാണെന്ന് കേന്ദ്രമന്ത്രി അശ്വനിവൈഷ്ണവ് അഭിപ്രായപ്പെട്ടു. ഇത് ജനാധിപത്യത്തിനും ഭരണഘടനയ്ക്കും വിരുദ്ധമായ പെരുമാറ്റമാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

ലോക്സഭയിൽ സ്പീക്കറെ ചോദ്യം ചെയ്ത പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധിയുടെ നടപടിയെ പാർലമെന്ററികാര്യമന്ത്രി കിരൺ റിജിജുവും നിശിതമായി അപലപിച്ചു.

✪✪✪

സംസ്ഥാനത്തെ 49 തദ്ദേശ വാർഡുകളിൽ ഉപതെരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് അല്പസമയത്തിനകം തുടങ്ങും. വൈകീട്ട് ആറു വരെയാണ് വോട്ടെടുപ്പ്. വയനാട് ഒഴികെ 13 ജില്ലകളിലെ ഒരു ജില്ലാ പഞ്ചായത്ത്, നാല് ബ്ലോക്ക് പഞ്ചായത്ത്, ആറ് മുനിസിപ്പാലിറ്റി , 38 ഗ്രാമ പഞ്ചായത്ത് വാർഡുകളിലാണ് ഉപതെരഞ്ഞെടുപ്പ് നടക്കുന്നത്.

ഇത്തവണ ഇടതു കൈയിലെ ചൂണ്ടു വിരലിന് പകരം നടുവിരലിലാണ് മഷി പുരട്ടുക. ഏപ്രിൽ മാസത്തിൽ നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്ത വോട്ടർമാരുടെ ചൂണ്ടു വിരലിൽ പുരട്ടിയ മഷിയടയാളം പൂർണമായും മാഞ്ഞു പോയിട്ടില്ലാത്തതിനാലാണ് ഈ മാറ്റം.

✪✪✪

പാരീസ് ഒളിംപിക്സിന്റെ മൂന്നാം ദിനം ഇന്ത്യയ്ക്ക് നിരാശ. മെഡൽ പ്രതീക്ഷിച്ചിരുന്ന പുരുഷ വിഭാഗം അമ്പെയ്ത്തിന്റെ ടീമിനത്തിൽ തുർക്കിയോടു തോറ്റ് ഇന്ത്യ ക്വാർട്ടറിൽ പുറത്തായി. വ്യക്തിഗത ഇനങ്ങളുടെ ആദ്യ റൗണ്ട് ഇന്നാരംഭിക്കും.

ബാഡ്മിന്റൻ പുരുഷ വിഭാഗം ഡബിൾസിൽ ഇന്ത്യയുടെ സാത്വിക്- ചിരാഗ് സഖ്യം ക്വാർട്ടർ ഫൈനലിൽ കടന്നു.

പുരുഷ വിഭാഗം ഹോക്കിയിൽ ഇന്ത്യ അർജന്റീനയ്ക്കെതിരെ സമനില നേടി. തോൽവിയുടെ വക്കിലെത്തിയ ഇന്ത്യ അവസാന നിമിഷം 1-1 എന്ന സമനില വഴങ്ങുകയായിരുന്നു. ഇന്ന് അവർ അയർലൻഡിനെ നേരിടും.

പുരുഷ വിഭാഗം ബാഡ്മിന്റൻ സിംഗിൾസിൽ ലക്ഷ്യ സെൻ തുടർച്ചയായ രണ്ടാം മത്സരത്തിലും ജയിച്ചു.പ്രീക്വാർട്ടറിലേക്ക് പ്രവേശം നിർണ്ണയിക്കുന്ന അവസാന ഗ്രൂപ്പ് മത്സരത്തിൽ ജോനാഥൻ ക്രിസ്റ്റിയെയാണ്, സെൻ നേരിടുക.

10 മീറ്റർ എയർ പിസ്റ്റൾ മിക്സഡ് ടീം ഇവന്റിൽ ഇന്ത്യയുടെ രണ്ടാം മെഡലിനായി മനു ഭാക്കറും സരബ്ജോത് സിംഗും ഇന്ന് മത്സരിക്കും. ദക്ഷിണ കൊറിയൻ ടീമിനെയാണ് ഇവർ നേരിടുക.

പുരുഷന്മാരുടെ ട്രാപ്പ് യോഗ്യതാ റൗണ്ടിൽ ഇന്ന് പൃഥ്വിരാജ് തൊണ്ടൈമാൻ മത്സരിക്കും. വനിതാ ഷൂട്ടർമാരായ ശ്രേയസി സിംഗ്, രാജേശ്വരി സിംഗ് എന്നിവരും ഇന്ന് യോഗ്യതാ റൗണ്ടിൽ മത്സരിക്കും.

✪✪✪

ഫുട്ബോൾ അനുഭവം ശ്രോതാക്കളിൽ എത്തിക്കുന്നതിന് പ്രശംസനീയ പങ്ക് വഹിച്ചതിന്, കേരള ഫുട്ബോൾ അസോസിയേഷന്റെ മികച്ച റേഡിയോ കണ്ടെന്റ് അവാർഡിന് കൊച്ചി ആകാശവാണിയിലെ പ്രോഗ്രാം എക്സിക്യൂട്ടീവ് T.P രാജേഷ് അർഹനായി. അവാർഡ് ഉച്ചകഴിഞ്ഞ് കൊച്ചിയിലെ ചടങ്ങിൽ സമ്മാനിക്കും.

✪✪✪

സമൂഹപുരോഗതിക്ക് താഴെത്തട്ടിൽ കഴിയുന്നവരുടെ ഉന്നമനം അനിവാര്യമാണെന്ന് മന്ത്രി O.R കേളു അഭിപ്രായപ്പെട്ടു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളുടെ പുരോഗതിയിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉണ്ടാക്കാനായിട്ടുണ്ടെന്നും, വിദ്യാഭ്യാസ പുരോഗതിക്കാണ് വകുപ്പ് കൂടുതൽ പരിഗണന നൽകുന്നതെന്നും മന്ത്രി പറഞ്ഞു. പാലക്കാട് ജില്ലയിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

നിപ റിപ്പോർട്ടു ചെയ്ത മലപ്പുറം ജില്ലയിലെ ആനക്കയം, പാണ്ടിക്കാട് ഗ്രാമപഞ്ചായത്തുകളിൽ രണ്ട് വാർഡുകളൊഴികെ മറ്റിടങ്ങളിൽ നിപ നിയന്ത്രണങ്ങളിൽ ഇളവു വരുത്തി. ആനക്കയം പഞ്ചായത്തിലെ 12-ാം വാർഡ്, പാണ്ടിക്കാട് പഞ്ചായത്തിലെ അഞ്ചാം വാർഡ് എന്നിവിടങ്ങളിൽ നിയന്ത്രണം തുടരും.

✪✪✪

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാനായി കേരള ഹൈക്കോടതി മുൻ ആക്ടിംഗ് ചീഫ് ജസ്റ്റിസ് അലക്സാണ്ടർ തോമസ് ഓഗസ്റ്റ് ഒന്നിന് ചുമതലയേൽക്കും. ഇന്നലെ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അദ്ദേഹത്തിന്റെ നിയമന ഉത്തരവിൽ ഒപ്പുവെച്ചു.

✪✪✪

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാനായി കേരള ഹൈക്കോടതി മുൻ ആക്ടിംഗ് ചീഫ് ജസ്റ്റിസ് അലക്സാണ്ടർ തോമസ് ഓഗസ്റ്റ് ഒന്നിന് ചുമതലയേൽക്കും. ഇന്നലെ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അദ്ദേഹത്തിന്റെ നിയമന ഉത്തരവിൽ ഒപ്പുവെച്ചു.

✪✪✪

കേരള സർവകലാശാല സിൻഡിക്കേറ്റ് തിരഞ്ഞെടുപ്പിൽ ഒൻപത് സീറ്റ് നേടി ഇടതു സഖ്യം വിജയിച്ചു. രണ്ട് സീറ്റിൽ BJP യ്ക്കും ഒരു സീറ്റിൽ കോൺഗ്രസിനുമാണ് വിജയം.

✪✪✪

തൃശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി വളപ്പിൽ രോഗിക്ക് പാമ്പ് കടിയേറ്റു. ഒറ്റപ്പാലം സ്വദേശി ദേവീദാസനാണ് കയ്യിൽ പാമ്പ് കടിയേറ്റത്.

✪✪✪

എറണാകുളത്തിനും ബംഗളൂരുവിനും ഇടയിൽ വന്ദേ ഭാരത് സ്പെഷ്യൽ ട്രെയിൻ നാളെ എറണാകുളത്തുനിന്ന് സർവീസ് ആരംഭിക്കും. ബുധൻ, വെള്ളി, ഞായർ ദിവസങ്ങളിൽ എറണാകുളത്തു നിന്ന് ബാംഗ്ലൂരു കന്റോൺമെന്റിലേക്കും വ്യാഴം, ശനി, തിങ്കൾ ദിവസങ്ങളിൽ അവിടെ നിന്ന് തിരിച്ചുമാണ് സർവീസ്.

✪✪✪